**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **24-02-2026 - ൽ മറുപടിയ്ക്ക്**

**കല്ലൂട്ട്കുന്ന് ഉന്നതിയിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കല്ലൂട്ട് കുന്ന് ഉന്നതിയിലെ റോഡ് നിർമ്മാണത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിരുന്നോയെന്ന് വിശദമാക്കാമോ; | (എ) | കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കല്ലൂട്ട്കുന്ന് ഉന്നതി **2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്നെങ്കിലും നിർമ്മാണ പ്രവർത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത ഉന്നതിയിലേയ്ക്ക് റോഡ് നിർമ്മിക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | കല്ലൂട്ട്കുന്ന് ഉന്നതിയിലെ നിർമ്മാണ പ്രവർത്തികളുടെ നിർവ്വഹണ ഏജൻസിയായി കോട്ടൂർ ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത ഉന്നതിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ സാധ്യത പരിശോധിച്ചതിൽ സുഗമമായ വാഹന ഗതാഗതത്തിന് അനുയോജ്യമായ റോഡ് നിർമ്മിക്കുന്നതിന് സാധ്യമല്ലെന്ന് കോട്ടൂർ എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു.ബാലുശ്ശേരി എം.എൽ.എയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ട്. |
| (സി) | കല്ലൂട്ട് കുന്ന് കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് എന്താണ് തടസ്സമെന്നും റോഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | കല്ലൂട്ട്കുന്ന് ഉന്നതിയിലേക്കുള്ള റോഡ് അവസാനിക്കുന്നിടത്ത് നിന്നും ആരംഭിക്കുന്ന പടിക്കെട്ടുകൾ പിന്നിട്ട് ഉന്നതിയിലെ കുത്തനെയുള്ള പ്രധാന ഭാഗങ്ങളിലൂടെ, ഉന്നതിക്ക് പുറത്തുള്ള ഒരു ലെയ്ൻ വരെ വാഹനഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. എങ്കിലും പടിക്കെട്ടുകൾ കഴിഞ്ഞാൽ ഈ ഭാഗങ്ങളിൽ റോഡില്ല. അവയെല്ലാം വ്യക്തികളുടെയോ കുടുംബങ്ങളുടെയോ കൈവശമുള്ള സ്ഥലങ്ങളാണ്.<br><br>നിലവിൽ ഉന്നതിക്കുള്ളിൽ റോഡ് അവസാനിക്കുന്നിടത്ത് നിന്നും ഉന്നതിയിലെ ഉയർന്ന ഭാഗങ്ങളിലേക്കുള്ള ഉയരക്കൂടുതലും (12.50 മീറ്റർ), ഈ ഭാഗങ്ങൾക്കിടയിലുള്ള ദൂരക്കുറവും (60 metre only, |

| | | | |
|---|---|---|---|
| | | | 125 meters needed for 1 in 10 slope), കാരണം ഇതിലൂടെ സുഗമമായ വാഹനഗതാഗതത്തിന് അനുയോജ്യമായ റോഡ് നിർമ്മിക്കാൻ സാധ്യമല്ലെന്ന് കോട്ടൂർ എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ